# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

അടിയന്തര ചോദ്യം നമ്പർ 2 19/07/2016-ൽ മറുപടിക്ക്

### കോട്ടക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറത്തും പരിസര പ്രദേശങ്ങളിലും പടരുന്ന കോളറ രോഗം

ചോദ്യം

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ

മറുപടി

ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും - സാമൂഹ്യ നീതിയും വകുപ്പമന്ത്രി)

| | | | |
|---|---|---|---|
| എ) കോട്ടക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറത്തും പരിസരപ്രദേശങ്ങളിലും കോളറ രോഗം വ്യാപകമായി പടർന്ന് പിടിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് | |
| ബി) ആയത് അടിയന്തരമായി തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | ബി) | 14-07-2016 തീയതി മുതൽ 17/07/2016 വരെ മലപ്പുറം ജില്ലയിൽ കുറ്റിപ്പുറം ഭാഗത്ത് നിന്ന് ഛർദ്ദി, അതിസാരം ബാധിച്ച 84 പേർ മലപ്പുറം, തൃശ്ശൂർ കോഴിക്കോട് ജില്ലകളിലെ ആശുപത്രികളിൽ ചികിത്സ തേടിയിട്ടുണ്ട്. ഇതിൽ 6 പേർ തൃശ്ശൂർ അമല ആശുപത്രിയിലും 2 പേർ കോഴിക്കോട് മിംസ് ആശുപത്രിയിലും ഓരോ ആൾ വീതം തിരൂർ ജില്ലാ ആശുപത്രിയിലും കോഴിക്കോട് മെഡിക്കൽ കോളേജിലും ചികിത്സയിലാണ്. കുറ്റിപ്പുറം സി.എച്ച്.സിയിൽ 17.07.2016ന് ചികിത്സ തേടിയവരിൽ 2 പേരെ കിടത്തി ചികിത്സിക്കുകയും 4 പേരെ നിരീക്ഷണവിധേയമാക്കുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ട് ചെയ്ത വയറിളക്ക രോഗങ്ങളിൽ 2 പേർക്ക് കോളറ രോഗം ലബോറട്ടറി പരിശോധന വഴി സ്ഥിരീകരിച്ചിട്ടുണ്ട്. 4 രോഗികൾ മലപ്പുറം ജില്ലയിൽ വീടുകളിൽ ചികിത്സയിൽ തുടർന്നു വരുന്നു. ജില്ലാമെഡിക്കൽ ആഫീസറുടെ നേതൃത്വത്തിലുള്ള ജില്ലാതല അന്വേഷണ സംഘത്തിന്റെ വിശദമായ അന്വേഷണത്തിൽ (Out break investigation) റെയിൽവേ സ്റ്റേഷൻ പരിസരത്തുള്ള 2 ഹോട്ടലുകളിൽ നിന്ന് ഭക്ഷണം | |

| | | |
|---|---|---|
| | | കഴിച്ചവർക്കാണ് ഈരോഗം ബാധിച്ചിട്ടുള്ളതെന്ന് മനസ്സിലാക്കിയിട്ടുണ്ട്. ഇ തിന്റെ അ ടിസ്ഥാനത്തിൽ ഈ ഹോട്ടലുകൾ അടച്ചിടാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ ഹോട്ടലിന്റെ മുൻവശത്തും പിൻവശത്തും ഉള്ള അഴുക്കുചാലുകൾ പൊട്ടിപ്പൊളിഞ്ഞ് ദുർഗന്ധം വമിക്കുന്ന മലിനജലം പരിസരത്തൊക്കെ വ്യാപിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. മാത്രമല്ല കുറ്റിപ്പുറം ടൗണിനകത്തുള്ള ഓടകൾ പ്ലാസ്റ്റിക് അടക്കമുള്ള വി വിധ തരംഖരമാലിന്യങ്ങൾ നിറഞ്ഞിരിക്കുന്നതു മൂലം അടഞ്ഞു കിടക്കുകയാണ്. മഴ ശക്തി പ്രാപിക്കുമ്പോൾ ഈ ഓടകളിലുള്ള മലിനവസ്തുക്കൾ പ്രദേശത്ത് ഇനിയും വ്യാപിക്കാനും കുടിവെള്ള സ്രോതസ്സുകൾ മലിനപ്പെടാനും സാധ്യതയുണ്ട്. അ ടിയന്തരമായി ഓടകൾ വൃത്തിയാക്കുകയും ഖരമാലിന്യങ്ങൾ സംസ്ക്കരിക്കാൻ വേണ്ട നടപടികളും സ്വീകരിക്കുന്നതിന് പഞ്ചായത്തിനും പി.ഡബ്ല്യു.ഡിക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സംശയം തോന്നിയ പൊതുജലവിതരണ പദ്ധതി നിർത്തി വയ്പ്പിക്കുകയും, സംശയാസ്പദമായ ഭക്ഷ്യവസ്തുക്കളും, കുടിവെള്ളവും സാമ്പിളുകളും പരിശോധനയ്ക്ക് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. രോഗ നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br>• വീട് വീടാന്തരം കയറിയിറങ്ങിയുള്ള നിയന്ത്രണ പ്രവർത്തനങ്ങളും ആരോഗ്യ ബോധവത്കരണ പരിപാടിയുടെ ഭാഗമായി മൈക്ക് അനൗൺസ്മെന്റ് പ്രചരണം എന്നിവ നടത്തി വരുന്നു.<br>• ഡോക്സി സൈക്ലിൻ പ്രതിരോധമരുന്ന് നൽകി കൊണ്ടുള്ള പ്രതിരോധപ്രവർത്തനവും ഒ.ആർ.എസ്.ന്റെ ലഭ്യതയും ഉറ പ്പ വരുത്തിയിട്ടുണ്ട്.<br>• തിളപ്പിച്ചാറിയ വെള്ളം മാത്രമേ കുടിക്കാവൂ എന്ന സന്ദേശം നൽകിയിട്ടുണ്ട്.<br>• ആഹാരത്തിനു മുമ്പ് കൈകൾ സോപ്പ് ഉപയോഗിച്ച് കഴുകി വൃത്തിയാക്കുവാനുള്ള ബോധവൽകരണം നൽകിയിട്ടുണ്ട്.<br>• കുടിവെള്ള ശുചിത്വം |

ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി കുടിവെള്ള സ്രോതസ്സുകളുടെ ക്ലോറിനേഷൻ/സൂപ്പർ ക്ലോറിനേഷൻ എന്നിവ നടത്തിയിട്ടുണ്ട്.

- രോഗബാധിത പ്രദേശങ്ങളിലെ ഹോട്ടലുകളിൽ ആരോഗ്യപ്രവർത്തകർ സന്ദർശിച്ച് പൊതുജനാരോഗ്യ നിയമപ്രകാരം നടപടി എടുത്തുവരുന്നു
- ആരോഗ്യപ്രവർത്തകർ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും പ്രതിരോധപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും പ്രവർത്തനങ്ങൾ നിത്യേന മോണിറ്റർ ചെയ്യുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.
- ഭക്ഷ്യസുരക്ഷാവകുപ്പും തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളും, കളക്ടറുടെ നേതൃത്വത്തിലുള്ള ജില്ലാ ഭരണകൂടവും ആരോഗ്യവകുപ്പുമായിച്ചേർന്നാണ് പ്രതിരോധപ്രവർത്തനങ്ങൾ നടത്തി വരുന്നത്.
- 17.07.2016ന് സംസ്ഥാന എപ്പിഡമിയോളജിസ്റ്റ് രോഗബാധിതപ്രദേശം സന്ദർശിച്ച് സ്ഥിതി വിലയിരുത്തി.
- ഏതാനും പുതിയരോഗബാധിതർ സമീപപഞ്ചായത്തായ തിരുനാവായയിൽ നിന്നും ചികിത്സക്കെത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.
- പ്രതിരോധ പ്രവർത്തനങ്ങൾ പ്രസ്തുത പഞ്ചായത്തിലേക്കും വ്യാപിപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ